Total pages - 20.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 305

# മാതൃഭാഷയുടെ വികാസം; എന്റെ കാഴ്ചപ്പാടിൽ.

ഒന്നര സഹസ്രാബ്ദത്തിന്റെ പാരമ്പര്യവുമായി സഹ്യപർവ്വതത്തിന്റെ പാർശ്വത്തിൽ മലയും ആഴവും ചേർന്ന് മലയാഴവും പിന്നീട് മലയാളവുമായി പരിണമിച്ച് വിശ്വസാഹിത്യമാനത്തിലെ ഒരു പ്രബലഭാഷയായി നിലകൊള്ളുകയാണ് ഇന്ന് നമ്മുടെ മലയാളം. അന്ധകാരത്തിന്റെ കലുഷിതനാളുകളിൽ നിന്ന് കേരളം ഉയർച്ചയിലേക്ക് കുതിച്ചപ്പോൾ പ്രൗഢിയും മാധുര്യവും ഇഴചേർത്ത് മലയാളവും കേരളത്തിന്റെ സ്വപ്നങ്ങൾക്ക് മിഴിവ് പകർന്നു.

"ഏതൊരു ജനതയുടെയും സ്വത്വത്തിന്റെയും സാംസ്കാരികപാരമ്പര്യത്തിന്റെയും അടിസ്ഥാനം അമ്മയും മണ്ണുമായ മാതൃഭാഷ തന്നെയാണ്" -

എന്ന് ഉച്ചരിച്ച ശാസ്ത്രകുതുകിയും വിജ്ഞാനസാഗരവുമായ ഭാരതത്തിന്റെ മുൻ രാഷ്ട്രപതി ശ്രീ. എ. പി. ജെ അബ്ദുൽ കലാമും മുന്നോട്ട് വയ്ക്കുന്ന-ത് 'മാതൃഭാഷ' എന്ന അമൂല്യസമ്പത്തിന്റെ പ്രാധാന്യം തന്നെയാണ്.

## മലയാളം - ഉത്ഭവ വീഥിയിൽ

പ്രാകൃതമനുഷ്യൻ സ്വന്തം ആവശ്യങ്ങളുടെ വിനിമയം നടത്താനുള്ള ഉപാധിയായി ഭാഷയെ സൃഷ്ടിച്ചു. എന്നാൽ കാലത്തിന്റെ ഒഴുക്കനുസരി-ച്ച് മനുഷ്യസ്വഭാവങ്ങൾക്കും ഭാഷയ്ക്കും പരിണാമം സംഭവിച്ചു. ആദ്യഭാഷയിൽ നിന്നും മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഉർദു, അറബിക്, തുടങ്ങിയ അനേകായിരം ഭാഷകളിലേക്കുള്ള കൂട് മാറൽ മനുഷ്യജീവിതത്തിലെ തന്നെ ഒരു

നാഴികക്കല്ലായിരുന്നു. ഭാഷ എന്ന
സംവിധാനത്തിന്റെ സ്വാധീനവും, ആവശ്യ
കതയും തിരിച്ചറിഞ്ഞ ചിലർ അവ
നിലനിൽക്കേണ്ടതിന്റെ പ്രാധാന്യത്തെ
മനസ്സിലാക്കി. തുടർന്ന് എല്ലാ ജനങ്ങ-
ളിലേക്കും ഭാഷ എന്ന ഉപാധിയെ
എത്തിക്കാൻ വേണ്ടി നടത്തിയ പ്രയത്ന-
ങ്ങളുടെ ഫലമായ പഴയകാല കൃതികളും,
മറ്റും.

ഭാഷകളുടെ പ്രചാരണം ശക്ത-
മായതോടെ ~~ഒരു~~ ഓരോ രാജ്യത്തിന്റെ-
യും, ദേശത്തിന്റെയും, പ്രദേശത്തിന്റെയും
അടിസ്ഥാനത്തിൽ ഭാഷകൾക്ക് പരിണാ-
മം സംഭവിച്ചു. ഇത്തരത്തിൽ ധാരാളം
ആണ്ടുകൾ നീണ്ടുനിന്ന സാമൂഹ്യ- സാംസ്
കാരിക പ്രക്രിയയിലൂടെയാണ് ഓരോ
ഭാഷകളും രൂപപ്പെട്ടിട്ടുള്ളത്.

ഭാഷ എന്നതിലുപരി മലയാള-
ത്തെ മാതാവിന് തുല്യമായി ദർശിക്കുന്ന-
നാടാണ് നമ്മുടെ കേരളം. മധുരമൂറു-
ന്ന മലയാളത്തെ, മാദകഭംഗിയിൽ
തിമിർത്താടുന്ന നമ്മുടെ മാതൃഭാഷയെ
നവീകരിച്ച് വ്യക്തമായ ഒരു ഭാഷ
സൃഷ്ടിക്കുന്നതിൽ മലയാളസാഹിത്യകാര
ന്മാർക്ക് നിർണ്ണായകമായ ഒരു പങ്ക്
തന്നെയുണ്ട്.

മലയാളം എന്ന മാതൃഭാഷ
മാതാവിന്റെ സ്ഥാനത്ത് കുടികൊള്ളുന്ന
മറ്റൊരു അമ്മയാണ് എന്ന തിരിച്ചറിവാ
ണ് മലയാളത്തെ സ്നേഹിക്കാനും
അതിന്റെ ക്രോഡീകരണത്തിനായി
വർത്തിക്കാനുമെല്ലാം മനുഷ്യരെ പ്രേരിപ്പി
ച്ചത്. പ്രാചീനകവിത്രയത്തിലെ അതുല്യ
പ്രതിഭകളായ തുഞ്ചത്ത് രാമാനുജൻ
എഴുത്തച്ഛനും, ചെറുശ്ശേരിയുമെല്ലാം

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 305

5/1/2025

മറ്റുള്ള ഭാഷകളുമായി കലർന്നുകിടന്ന മലയാളമെന്ന മാണിക്യത്തിനെ ശുദ്ധീകരിച്ച് തനതായ ഒരു ഭാഷയുടെ ഉന്നമനത്തിനായി വർത്തിച്ചവർ തന്നെയാണ്. സമൂഹോന്നമനത്തിനായി വിമർശ-നാത്മകമായി മലയാളത്തെ ഉപയോഗിച്ച കുഞ്ചൻ നമ്പ്യാർ തുടങ്ങിയ ഹാസ്യകർത്താക്കൾ മലയാളത്തിന്റെ ദാർശനികതയ്ക്ക് തന്നെ നവീന ആശയങ്ങൾ പകർന്ന് നൽകി എന്ന് നിസ്സംശയം പറയാം.

56 അക്ഷരമുള്ള മലയാളത്തെ 56 കനികളുള്ള മാണിക്യത്തി-നെയായി സങ്കൽപിച്ച കവിയുടെ പിൻതലമുറക്കാരായി ഇന്നത്തെ സമൂഹം മലയാളത്തെ അമ്മയായി പരിഗണിക്കുന്നുണ്ടോ?

# ആധുനികകാലത്തെ മലയാളം.

'മറ്റുള്ള ഭാഷകൾ കേവലം
ധാത്രിമാർ മർത്യനു പെറ്റമ്മ
തൻ ഭാഷ താൻ'

മലയാളത്തെ സർഗ്ഗാത്മകതയിലൂടെ ഉയരങ്ങളിലേക്കെത്തിച്ച അമൂല്യമായ ഒരു കാവ്യസമ്പത്ത് തന്നെ നമുക്കുണ്ട്. കേരളകലാമണ്ഡലത്തിന്റെ സ്ഥാപകനായ കവി വള്ളത്തോൾ നാരായണ മേനോൻ മലയാളത്തെ സ്വന്തം പെറ്റമ്മയായി വർണ്ണിക്കുമ്പോൾ മറ്റ് ഭാഷകളെ കേവലം ധാത്രിമാരായി കാണുന്നു. മലയാളത്തെ നെഞ്ചിലും ഉറക്കത്തിലും ആത്മാവിന് തുല്യം ആരാധിച്ച് വന്ദിച്ച് കടന്നുപോയ ഒരു അസാധാരണമായ ഭാഷാസ്നേഹത്തെ നമുക്ക് ഇവിടെ കാണാനാകും.

എന്നാൽ പണത്തിനും
അനീതിയ്ക്കും മാത്രം വിലകൽപ്പിക്കുന്ന,
സാംസ്കാരികചൈതന്യങ്ങൾക്കും, സാമൂ-
ഹ്യക്ഷേമങ്ങൾക്കും അതീതമായി
ആഢംബരത്തെ കണക്കാക്കുന്ന ആധു-
നികതയുടെ ഈ നൂതന കാലഘട്ടത്തിൽ
മലയാളത്തിന്റെ വിശ്വവിശ്രുതമായ
ശോഭയ്ക്ക് കോട്ടം സംഭവിക്കുന്നുണ്ടെ
ന്നത് തീർച്ചയാണ്.

കേരളത്തിന്റെ തനത്
സംസ്കാരങ്ങളും പാരമ്പര്യങ്ങളും
ലാഘവത്തോട് കണ്ട് മാതൃഭാഷയേക്കാ
ൾ ആംഗലേയഭാഷകൾക്ക് പ്രാധാന്യം
കൽപിച്ച് ലൗകികസുഖങ്ങൾ എന്ന
ഒറ്റ ലക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കു-
ന്ന ഒരു യുവതലമുറ ഇന്ന് കേരള
ത്തിലുള്ളത് എന്നത് ചിന്തനീയം
തന്നെയാണ്.

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 643 Participant Code: 305

5/1/2025

'ജനിക്കും മുതലെൻ മകനിം-
ഗ്ലീഷ് പഠിക്കണം അതിനാൽ
ഭാര്യതൻ പേറങ്ങിംഗ്ലണ്ടിൽ
തന്നെയാക്കി ഞാൻ'.

മലയാളം നേരിടുന്ന വെല്ലുവിളി-
കളെ നർമ്മം കലർത്തി അവതരിപ്പിക്കു-
ന്ന കവിതാശകലം നമ്മെ ഏറെ
ചിന്തിപ്പിക്കുന്നുണ്ട്. പാശ്ചാത്യസംസ്-
കാരങ്ങൾക്കും, ജീവിതശൈലിക്കും,
ആഗോള ഭാഷയ്ക്കുമെല്ലാം സ്വന്തം
മാതൃഭാഷയെ അടിയറവ് വയ്ക്കുന്ന,
അരാജകത്വത്തിലേക്ക് കൂപ്പുകുത്തുന്ന
ഒരു സമൂഹത്തെ വാർത്തെടുക്കുന്ന-
തിലൂടെ മലയാളത്തിന്റെ കാന്തിയ്ക്ക്
മങ്ങൽ സംഭവിക്കുന്നുണ്ട്. ഏതൊരു
കുഞ്ഞും ജനിക്കുമ്പോൾ പറയുന്നവാക്ക്
അമ്മ എന്നതാണ്. അത് മാതൃഭാഷ-

യിൽ തന്നെയായിരിക്കുമെന്നത്
തീർത്തും കൗതുകകരം തന്നെ. കേരളം
വിട്ട് മറ്റ് വിദേശരാജ്യങ്ങൾ കീഴടക്കാ
ൻ വെമ്പി നിൽക്കുന്ന ഇന്നത്തെ
സമൂഹം, മലയാളമെന്ന വറ്റാത്ത
നദിയെ വെല്ലുവിളിക്കുകയാണ്.
മലയാളം എന്ന സാഹിത്യസുന്ദരമാ
യ ഇനി മങ്ങുന്ന മലയാളമായി
തീരാതെ സംരക്ഷിക്കേണ്ടത് ~~നാമോരു~~-
നാമോരോരുത്തരുടെയും കർത്തവ്യമാ-
ണ്. ഭാരതത്തെ മാതാവായും മാതൃഭാ
ഷയെ സ്വന്തം പെറ്റമ്മയായും കണ്ടു-
ശീലിച്ച ആയിരക്കണക്കിന് ദേശസ്നേ-
ഹികളുടെയും ഭാഷാസ്നേഹികളുടെയും
അശ്രാന്ത പരിശ്രമം ആണ് മധുര-
മനോഹരമായ ഈ ഭാഷാവ്യക്തം.
എന്നാൽ വ്യാവസായികതയുടെ
ഇന്നത്തെ കാലത്ത് സ്വന്തം.

പാരമ്പര്യത്തിന്റെയും പൂർവ്വികരു-
ടെയും വേരുകൾ അറുത്ത് എറിയാൻ
കാത്തുനിൽക്കുന്ന, മാതൃഭാഷയുടെ
പാതിവ്രത്യത്തെ കളങ്കപ്പെടുത്തുന്ന ഒരു
പിടി പുരോഗമനവാദികൾക്ക് വലിച്ചു
കീറാനുള്ളതല്ല നമ്മുടെ മലയാളം
എന്ന ചിന്ത ഓരോ മലയാളിയ്ക്കും
ഉണ്ടാകണം.

## വികാസം സാധ്യമാകുമോ?

നവോത്ഥാനനായകരായ
അനേകായിരങ്ങൾ 'അന്യജീവനുതകി
സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ'
എന്ന ആപ്തവാക്യത്തോടെ വരും
തലമുറയുടെ ഉന്നമനത്തിനായി
പ്രയത്നിച്ചപ്പോൾ സർഗ്ഗാത്മകത എന്ന
വൈഭവത്തെ പ്രയോജനപ്പെടുത്തി
കവികളും എഴുത്തുകാരും മലയാള-
ത്തെ നെഞ്ചിലേറ്റി മാതൃഭാഷയ്ക്കായി

5/1/2025

സ്വന്തം ജീവിതം ത്യാഗം ചെയ്തു. വിശ്വപ്രസിദ്ധമായ അനേകം കൃതികൾ മലയാളത്തിൽ നിന്നുണ്ട് എന്നത് തന്നെ മലയാളസാഹിത്യശാഖയുടെ വൈവിധ്യത്തെ സൂചിപ്പിക്കുന്നു.

അന്ധകാരത്തിന്റെയും അത്യാഗ്രഹത്തിന്റെയും മലിനസാഗരത്തിൽ മുങ്ങിത്താഴുന്ന മലയാളം എന്ന മണിമുത്തിനെ വികസനത്തിന്റെ പടവുകളിലേക്ക് എത്തിക്കാൻ നമുക്കുള്ള ഏറ്റവും വലിയ പരിഹാരമാർഗ്ഗം എന്നത് പുതുതലമുറയുടെ ഭാവനയെ തൊട്ടുണർത്തുന്ന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക എന്നതാണ്. പണ്ടൊക്കെ പൂർവ്വികരായ മലയാളികളുടെ നാവിലൂടെ പകർന്ന് തരുന്ന പാട്ടുകളും കഥകളും മൊഴിമുത്തുകളുമെല്ലാം ഓരോ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 305

വ്യക്തിയുടെയും ഭാവനാത്മകതയെയും സർഗ്ഗാത്മകതയെയും ഭാഷാന്വേഷണത്തെയുമെല്ലാം പരിപോഷിപ്പിക്കുന്നവയായിരുന്നു. എന്നാൽ നവമാധ്യമങ്ങളുടെയും ഓൺലൈൻ സൗകര്യങ്ങളുടെയും കടന്നുകയറ്റം നവജീവിതങ്ങളെ ബന്ധങ്ങളിൽ നിന്നും വായനയിൽ നിന്നുമെല്ലാം അടർത്തിയെടുത്തത് അവരുടെ ചിന്താമണ്ഡലങ്ങളെയും വ്യക്തിഭാവനയെയും പരിമിതപ്പെടുത്തുന്നതിന് കാരണമായി. സ്വന്തം അനുഭവങ്ങളുടെയും ജീവിതത്തിന്റെയും വെളിച്ചത്തിൽ ഓരോ വ്യക്തിയും സ്വാംശീകരിക്കേണ്ട ചില മൂല്യങ്ങളും മറ്റും പുതുതലമുറയ്ക്ക് ലഭിക്കാതെ പോകുന്നു എന്നതും ഒരു പ്രതിസന്ധി തന്നെയാണ്.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

സ്വന്തം ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള കൃതികളും മറ്റും എല്ലാം കാലത്തും പ്രസക്തവും പ്രസിദ്ധവുമാണ്. അനുഭവങ്ങളുടെയും വായനയുടെയും നിരീക്ഷണങ്ങളുടെയും അഭാവവും പുതുതലമുറയുടെ ചിന്തകൾക്ക് മാന്ദ്യം നൽകുന്നു. വളർന്നു വരുന്ന സമൂഹത്തെ കൂടുതൽ ഭാഷാസ്നേഹികളും ഭാവനയുള്ളവരും ആക്കി പാകപ്പെടുത്തുന്നതിലൂടെ മലയാളത്തിന്റെ വികാസം സാധ്യമാകും.

പണ്ട് കാലങ്ങളിൽ നിന്ന് വിഭിന്നമായ നവീനമനുഷ്യർ ഇന്ന് യന്ത്രവൽകൃതലോകത്ത് യന്ത്രങ്ങൾക്ക് സമാനമായിട്ടാണ് വസിക്കുന്നത്. അവർ പരസ്പരം ആശ്രയിക്കുന്നതിനേക്കാളും സാങ്കേതികവിദ്യയെയും.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

മറ്റ് ആധുനികസാധ്യതകളും ഉപയോഗപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ സുപ്രധാനമായ ഒരു വിഷയം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് അതേപോൽ ഏറ്റവും ഫലപ്രദമായ മാർഗ്ഗം സാമൂഹ്യമാധ്യമങ്ങൾ തന്നെയാണ്. ഇനയൊരു ആശയത്തിന്റെ ഫലമായിട്ടാണ് പല കൃതികളും ഇപ്പോൾ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നത്. മലയാളികളുടെ നാടായ കേരളത്തിൽ മാതൃഭാഷ സംസാരിച്ചാൽ പിഴ അടക്കേണ്ട വിദ്യാലയങ്ങൾ പോലുമുണ്ട്. അപ്പോൾ പിന്നെ മലയാളത്തെ പരിപോഷിപ്പിക്കേണ്ട വിദ്യാലയങ്ങൾ തന്നെ കുഞ്ഞുഹൃദയങ്ങളിൽ നിന്ന് മാതൃഭാഷ എന്ന സങ്കൽപത്തെ ഇല്ലായ്മ ചെയ്യുകയല്ലേ?

വായന മരിക്കുന്നുണ്ടോ എന്ന സന്ദേഹം പ്രസക്തമായ ഇന്നത്തെ യുഗത്തിൽ ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗിച്ചുള്ള വായനമാർഗ്ഗങ്ങൾക്കും പ്രസക്തിയേറുന്ന ഭാഷാപരിപോഷണത്തിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ധാരാളം പദ്ധതികൾ ഉണ്ടങ്കിൽ കൂടി അതൊന്നും പൂർണ്ണമായ ഫലപ്രാപ്തിയിൽ എത്താത്തതിന്റെ പ്രമുഖകാരണം പാശ്ചാത്യഭാഷാസംസ്കാരങ്ങളുടെ ശക്തമായ സ്വാധീനമാണ്.

മലയാള ഭാഷാപരിപോഷണസംരക്ഷണം ലക്ഷ്യംവച്ച് കൊണ്ടുള്ള നമ്മുടെ പ്രയത്നങ്ങൾ ഫലം പ്രാപിക്കണമെങ്കിൽ 'നാം' എന്ന ചിന്ത

ഇടപെടുക്കേണ്ടതുണ്ട്. നാമോരോരുത്തരും ഒറ്റക്കെട്ടായി ഭാഷാനൈപുണ്യ-മുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാനായി പ്രവർത്തിക്കുമ്പോൾ നിശ്ചയ-മായും മലയാളം എന്ന ശ്രേഷ്ഠഭാഷ നവജീവൻ നേടും.

നിർമ്മിതബുദ്ധി എന്ന ആധുനികസാങ്കേതികവിദ്യയ്ക്ക് മലയാള സാഹിത്യത്തിൽ ചിന്തിക്കാനാവാത്ത പരിവർത്തനങ്ങളുണ്ടാക്കാൻ സാധിക്കും. നാം നൽകുന്ന വിവരങ്ങൾ ഉപയോഗിച്ച് ഒരു മനുഷ്യനെപ്പോലെ ചിന്തിക്കാൻ കഴിവുള്ള എ.ഐ യ്ക്ക് മനുഷ്യന്റെ ചിന്താമണ്ഡലങ്ങളുടെ വിശാലതയെ വർദ്ധിപ്പിക്കാനാവും.

സൈബറിടങ്ങളിൽ കണ്ണുനട്ട് സ്വന്തം മനസ്സും ശരീരവും

ഇവിടെ സമർപ്പിക്കുന്ന യുവതലമുറയെ സൈബർവിദ്യകൾ ഉപയോഗിച്ച് മാത്രമേ സർഗ്ഗാത്മകതയുടെ പടവുകളിലേക്ക് കണ്ണിക്കാനാവൂ. സോഷ്യൽമീഡിയയും മറ്റ് ആധുനിക സൗകര്യങ്ങളും വിജ്ഞാനപ്രദമായ അവസരങ്ങൾക്കായി ഉപയോഗപ്പെടുത്തുമ്പോൾ നമ്മുടെ സമൂഹം സമുദ്ധരിക്കപ്പെടുന്നു.

മാതൃഭാഷയെന്ന അനന്ത സാധ്യതകൾ ഒളിഞ്ഞിരിക്കുന്ന മഹാനിധിയെ സർഗ്ഗാത്മകതയുമായി ഇഴചേർക്കുമ്പോൾ നാം അത്ഭുതസൃഷ്ടികൾക്ക് സാക്ഷിയാകുന്നു. മാതൃഭാഷയുമായി നവമാധ്യമങ്ങളെ കൂടുതൽ ബന്ധപ്പെടുത്തുന്നതിലൂടെയും പാശ്ചാത്യഭാഷകളുടെ അധിനിവേശത്തിൽ നിന്ന് നമുക്ക് മലയാളമാതാവിനെ

സംരക്ഷിക്കാനാവും. എത്രയൊക്കെ മറ്റുള്ള ഭാഷകളെ ആശ്രയിച്ചാലും ഏതൊരു വ്യക്തിയുടെയും ചിന്തകളും സ്വപ്നങ്ങളും മാതൃഭാഷയിലായിരിക്കും. വയലാർ രാമവർമ്മയുടെ വരികൾ പോലെ സർഗ്ഗാത്മകതയെയും മാതൃഭാഷയെയും നൂറ്റാണ്ടുകൾ നീണ്ടുനിന്ന പോരാട്ടങ്ങളിലൂടെ നേടിയെടുത്തതാണ്.

മലയാളം എന്ന മാതൃഭാഷയുടെ പ്രഭ മങ്ങാതെ വരും തലമുറകൾക്ക് കൈമാറുക എന്നത് ഓരോ മലയാളിയുടെയും ഉത്തരവാദിത്വവും അതിലുപരി നിയോഗവുമാണ്. അറിവിന്റെ അക്ഷയഖനികൾ തേടി വിദ്യാലയമുറ്റത്തെത്തുന്ന മുകുളങ്ങൾക്ക് മലയാളത്തിന്റെ പാലാഴി

തുറന്നുകൊടുക്കുകയാണ് നാം ചെയ്യേണ്ടത്. കേരളം കേവലം മാറുന്ന മലയാളികളുടെയും മറയുന്ന മലയാളികളുടെയും ഭൂമികയായി തീരരുത്. ലഹരിയുടെയും സാമൂഹ്യമാധ്യമങ്ങളുടെയും കപടനിലങ്ങളിൽ അകപ്പെട്ടുപോകുന്ന ഓരോ വിദ്യാർഥിയും മാതൃഭാഷയ്ക്ക് ഒരു മുതൽക്കൂട്ടാണ് എന്ന് വിസ്മരിക്കരുത്.

മാതൃഭാഷയുടെ ചാർമുത്തുകൾ ആവോളം ഹൃദയത്തിലേറ്റി മണ്ണും മാതാവും സർവ്വവും മാതൃഭാഷയായി പരിഗണിക്കുന്ന ഒരു വിദ്യാർഥിസമൂഹത്തിലൂടെ മാത്രമേ ഇന്ന് കേരളം നേരിടുന്ന ഈ മഹാവിപത്തിനെ പ്രതിരോധിക്കാൻ നമുക്കാവൂ.

നല്ലൊരു നാളേക്കായ് കൈകോർക്കാം.

'പണ്ടിത് പെൺമലയാളം
ഇന്നിത് പുണ്ണമലയാളം
ഇനിയിത് പിണ്ണമലയാളം'

-എന്ന കവിയുടെ പരിഹാസത്തെ പ്രതിരോധിക്കേണ്ടത് 'കേരളം' എന്ന ചിന്താഗതിയുടെ തന്നെ ആവശ്യമാണ്. മനസ്സിൽ നെയ്തുവരുന്ന അമൂല്യവും അതുല്യവുമായ ചിന്താഗതികളെ ഭാവനാത്മകമായി ചിത്രീകരിക്കാൻ കഴിവുളള ഒരു പുതുസമൂഹത്തെ വാർത്തെടുത്ത് മലയാളസാഹിത്യത്തിന്റെയും ഭാഷയുടെയും അഭിജാത്യത്തിനും വികാസത്തിനും കാരണമാകാൻ നാമേവർക്കും ഒന്നായി വർത്തിക്കാം.

ഒന്നായാൽ നന്നായി
നന്നായാൽ ഒന്നായി